**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 18/04/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC12/2022/EXCISE**

വിഷയം: എക്സൈസ് ഭരണപരം - എക്സൈസ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം - "വെൺമ" പുരസ്കാരം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനവും , ഓഫീസുകളുടെയും പരിസരത്തിന്റെയും വൃത്തിയുള്ള പരിപാലനവും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വാടക കെട്ടിടങ്ങളിലും സർക്കാർ കെട്ടിടങ്ങളിലുമായി പ്രവർത്തിക്കുന്ന ഓഫീസുകളിൽ ബഹുഭൂരിപക്ഷവും കാലപ്പഴക്കം കൊണ്ടും, കൃത്യമായി പരിപാലിക്കാത്തതു കൊണ്ടും ഓഫീസ് പരിസരം, കെട്ടിടം, റിക്കാർഡുകൾ, തൊണ്ടി വക സാധനങ്ങൾ എന്നിവ വളരെ പരിതാപകരമായ അവസ്ഥയിലാണ് കാണപ്പെടുന്നത്. ഇത് മാറ്റിയെടുക്കാൻ നാം ശുഷ്കാന്തിയോടെയും അർപ്പണബോധത്തോടെയും പ്രവർത്തിക്കേണ്ടതാണ്.

മുൻ കാലങ്ങളെ അപേക്ഷിച്ച് പൊതുജനങ്ങളുമായി കൂടുതൽ ഇടപഴകുന്ന വകുപ്പെന്ന നിലയിൽ എക്സൈസ് ഓഫീസിലേയ്ക്ക് എത്തുന്നവർക്ക് മതിപ്പുണ്ടാക്കുന്ന തരത്തിൽ ഓഫീസ് പരിപാലിച്ച് ഹൃദ്യമായ അന്തരീക്ഷം അനുഭവവേദ്യമാക്കേണ്ടതുണ്ട് എന്നത് ഓരോ എക്സൈസ് ഉദ്യോഗസ്ഥനും ഒരു വെല്ലുവിളിയായി ഏറ്റെടുക്കേണ്ടതുണ്ട്. കാരണം നാം സ്വന്തം വീട് കഴിഞ്ഞാൽ ഏറ്റവും അധികം സമയം ചിലവഴിക്കുന്ന ഇടമാണ് നമ്മുടെ ഓഫീസ്.

സർക്കാർ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ ഒട്ടുമിക്ക സ്ഥാപനങ്ങളും മുഖച്ഛായ മാറ്റി കാലാനുസൃതമായ പരിഷ്കാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നേറുന്നത് നമ്മുടെ മുന്നിലുണ്ട്. ശുചിത്വവും, വൃത്തിയും, പരിസ്ഥിതിയുമായി ഇണക്കവും, കാര്യക്ഷമതയും, ഉത്തരവാദിത്ത ബോധവും ഉൾക്കൊള്ളുന്ന ഒരു ഓഫീസ് സംസ്കാരം വളർത്തിയെടുക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

ഓഫീസുകളിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളും പ്രാഥമിക രേഖകളും വൃത്തിയായും കാലാനുസൃതമായും എഴുതിയോ ഡിജിറ്റലൈസ് ചെയ്തോ ക്രമപ്രകാരം സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഓഫീസിനെ സംബന്ധിക്കുന്ന ഏതു രേഖയും അനായാസം